**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **13-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളും പക്ഷികളും നാട്ടിലേക്കിറങ്ങുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാടിനകത്ത് ആവശ്യത്തിന് ആഹാരവും നിലനില്പും ലഭ്യമല്ലാത്തതിനാൽ വന്യമൃഗങ്ങളും പക്ഷികളും കാട്ടിനുള്ളിൽ നിന്ന് നാട്ടിലേക്കിറങ്ങുന്ന സംഭവങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വന്യമൃഗങ്ങളും പക്ഷികളും നാട്ടിൽ കൂട്ടതലായി വരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തൃശ്ശൂരിൽ റോഡിലേക്ക് മയിൽ പറന്നുവന്ന് നവദമ്പതികൾ സഞ്ചരിച്ച ബൈക്കിലിടിച്ച് ഉണ്ടായ അപകടത്തിൽ പുന്നയൂർക്കുളം സ്വദേശി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. 16.08.2021-ന് തൃശ്ശൂർ പുഴക്കലിൽ നിന്നും അയ്യന്തോൾ ഭാഗത്തേയ്ക്ക് പോകുന്ന റോഡിനു സമീപമുള്ള പാടത്തു നിന്നും ഒരു മയിൽ താഴ്ന്ന പറന്ന് റോഡ് മിറകടക്കാൻ ശ്രമിക്കുന്നതിനിടയിൽ തിരക്കേറിയ റോഡിലൂടെ കെ.എൽ. 46-റ്റി-511 നമ്പർ ബുള്ളറ്റിൽ സഞ്ചരിച്ചിരുന്ന ദമ്പതിമാരുടെ ദേഹത്തിലിടിക്കുകയും ടി വാഹനം നിയന്ത്രണം വിട്ട് മറ്റൊരു വാഹനത്തിൽ ഇടിക്കുകയും തുടർന്ന് സമീപത്തെ മതിലിൽ ഇടിച്ച് ദമ്പതിമാർക്ക് ഗുരുതരമായി പരിക്കേൽക്കുകയും പിന്നീട് ബൈക്കിലുണ്ടായിരുന്ന പുരുഷൻ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | ഇത്തരം സംഭവങ്ങൾ തടയാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഇത് തികച്ചും യാദൃശ്ചികമായ ഒരു സംഭവമാണ്. ഇത്തരത്തിലുള്ള സംഭവം മുമ്പ് റിപ്പോർട്ട് ചെയ്തിട്ടില്ല. പക്ഷികൾ റോഡിലേക്ക് പറന്നുവന്ന് അപകടമുണ്ടാവുന്നത് തികച്ചും യാദൃിഛികമായ സംഭവമായതിനാൽ ഇതിന് ഒരു പരിഹാരം കാണുകയെന്നത് പ്രയാസമാണ്. ടി കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്നത് പരിശോധിച്ചുമാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | ഇത്തരം അപകടങ്ങളിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മതിയായ സഹായധനവും തുടർ സംരക്ഷണവും നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.(കൈ)നം. 17/2018/വനം എന്ന ഉത്തരവ് പ്രകാരമാണ് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകി വരുന്നത്. മേൽപ്പറഞ്ഞ സംഭവത്തിൽ മരണപ്പെട്ട ആളുടെ ആശ്രിതരിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ